(ബി) മറ്റ് എല്ലാ ഡിപ്പാർട്ട്മെന്റിലും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ മറ്റ് ജില്ലകളിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുമ്പോൾ പ്രസ്തുത ഡയറക്ടറേറ്റിൽ ഇപ്രകാരം നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഹെഡ് ക്വാർട്ടേഴ്സിൽ ഉണ്ടാകുന്ന എൽ. ഡി. ക്ലാർക്കുമാരുടെ നിയമനം മറ്റ് ജില്ലകളിലേക്കും നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.സി.സി. വകുപ്പിലെ നിയമനം പി.എസ്.സി. വഴി എക്സ്സർവ്വീസ്മെന്നിൽ നിന്നുമാണ് നടത്തുന്നത്. ആസ്ഥാന ഒഴിവുകൾ തിരുവനന്തപുരം ജില്ലാ ഒഴിവുകളായാണ് എൻ.സി.സി. വകുപ്പിൽ ജൂൺ 2010 വരെ പരിഗണിച്ചിരുന്നത്.

(സി) 2010 ജൂൺ മുതൽ എൻ.സി.സി. ഡയറക്ടറേറ്റിൽ ഉണ്ടാകുന്ന ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയായി പരിഗണിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു.

കളരിക്കുറുപ്പ്-കളരിപണിക്കർ സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താൻ നടപടി

37(1282) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളരിക്കുറുപ്പ്-കളരിപണിക്കർ സമുദായത്തെ ഒ.ബി.സി.-യിൽ നിന്ന് ഒ.ഇ.സി.-യിലേക്ക് ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സമുദായത്തിന് ഉന്നത വിദ്യാഭ്യാസത്തിൽ 2% സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തുന്നതിനെ കുറിച്ചുള്ള നരവംശ ശാസ്ത്രപഠനം കിർത്താർഡ്സിൽ നടന്നു വരികയാണ്.

(സി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

സുതാര്യ കേരളം പരിപാടിയിൽ നൽകിയിരുന്ന പരാതി

38(1283) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ജില്ലയിൽ കിളികൊല്ലൂർ വില്ലേജിൽ കൈലാസം വീട്ടിൽ ശ്രീ. രാജു 2006-ൽ വിലയാധാരം വാങ്ങി പേരിൽകൂട്ടി കരം അടച്ച് ആദായം എടുത്തു കൊണ്ടിരുന്ന വസ്തുവിൽ 2009 മുതൽ ശ്രീ. രാജു കയറുന്നത് സമീപവാസിയായ ശ്രീമതി സുകേശിനിയും മരുമകനും പോലീസ് സബ് ഇൻസ്പെക്ടറായ ശ്രീ. ബൈജുവും ചേർന്ന് തടയുന്നതും ജാമ്യം ലഭിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

കള്ളകേസുകൾ എടുക്കുന്നതും സംബന്ധിച്ച് സുതാര്യ കേരളം പരിപാടിയിൽ ശ്രീ. രാജുവും ഭാര്യയുംകൂടി നൽകിയിരുന്ന പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

ശ്രീമതി വി. എസ്. ഗീത, കൈലാസം കിളികൊല്ലൂർ, കൊല്ലം എന്നയാൾ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച പരാതി 30-12-2009-ലെ 13826/CMPGRC/2009/GAD നമ്പർ സർക്കാർ കത്ത് പ്രകാരം നടപടിക്കും റിപ്പോർട്ടിനുമായി പോലീസ് ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കുകയും പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് നർക്കോട്ടിക് സെൽ, കൊല്ലം നേരിട്ടു നടത്തിയ അന്വേഷണ റിപ്പോർട്ടും മൊഴി പകർപ്പുകളും 19-3-2010-ലെ കെ6/1457/2010 നമ്പർ കത്ത് പ്രകാരം സെല്ലിൽ ലഭ്യമാക്കുകയും ചെയ്തു. വസ്തു സംബന്ധമായ തർക്കവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നില നിൽക്കുന്നു. എന്നും 245/09 ക്രൈം കേസിൽ പരാതിക്കാരിക്ക് അനുകൂലമായ നിലപാട് പോലീസ് ഉദ്യോഗസ്ഥനായ എതിർകക്ഷിയിൽ നിന്ന് ഉണ്ടാകാതിരുന്നതിനാലുള്ള മാനസിക ബുദ്ധിമുട്ടിനാലുമാണ്. ഇപ്രകാരം ഒരു പരാതി സമർപ്പിച്ചത് എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് 1-7-2010-ൽ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ നിന്നും പരാതിക്കാരിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കുന്നമംഗലം മണ്ഡലത്തിൽ ചികിത്സാസഹായം

39(1284) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കുന്നമംഗലം മണ്ഡലത്തിൽ എത്രപേർക്ക് ചികിത്സാ സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തർക്കും അനുവദിച്ച തുക പേരുസഹിതം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സംബന്ധിച്ച മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly